**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **T 1426** 03-12-2018 -ൽ മറുപടിക്ക്

## പ്രളയത്തിൽ സംഭവിച്ച നഷ്ടം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി. കെ. സി. മമ്മത് കോയ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രളയത്തിൽ വ്യാപാര സ്ഥാപനങ്ങൾക്കും ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കും സംഭവിച്ച നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | എ) | 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന 3590 ൽ പരം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾക്ക് 632 കോടി രൂപയുടെയും ഇടുക്കി എറണാകുളം എന്നീ ജില്ലകളിലായി 12 വൻകിട വ്യവസായ യൂണിറ്റുകൾക്ക് 289.40 കോടി രൂപയുടെയും നാശനഷ്ടം ഉണ്ടായിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള സ്ഥാപനങ്ങൾക്ക് 16 കോടി രൂപയുടെ വസ്തു നഷ്ടവും 4.50 കോടി രൂപയുടെ വരുമാന നഷ്ടവും ഉണ്ടായിട്ടുണ്ട്. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് ആകെ 47.61 കോടി രൂപയും നഷ്ടം ഉണ്ടായിട്ടുണ്ട്. കൈത്തറി മേഖലയിൽ 8 ജില്ലകളിലായി 650 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. |
| ബി) | ഇപ്രകാരം ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിന് സഹായകരമായ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവിഷ്ക്കരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി | പ്രളയക്കെടുതിയിൽ തകർന്നുപോയ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിനായി 2019-20 ലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ചുവടെ കാണുന്ന പദ്ധതികൾ സംസ്ഥാന പ്ലാനിങ്ങ് ബോർഡിന് മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.<br>പ്രളയക്കെടുതിയിൽ തകർന്നുപോയ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകളുടെ പുനർ നിർമ്മാണത്തിനായി സാമ്പത്തിക സഹായം നല്കുന്ന പദ്ധതി. ഈ പദ്ധതി പ്രകാരം സ്റ്റാർട്ട് അപ്പ് സഹായം,നിക്ഷേപ സഹായം എന്നിങ്ങനെ രണ്ട് ഘട്ടമായാണ് സഹായം നല്കുന്നത്. സ്ഥിര ആസ്ഥികൾ സ്ഥാപിക്കുന്നതിന് നിക്ഷേപം നടത്തുന്നവർക്ക് 15%മുതൽ 30% വരെ പരാമവധി 20/30 ലക്ഷം എന്ന നിരക്കിൽ സഹായം നല്കുന്നതാണ്.അർഹതപ്പെട്ട തുകയുടെ 50% ആദ്യം നല്കുകയും സ്ഥാപനം പുനർ നിർമ്മിച്ച |

| | | | |
|---|---|---|---|
| | | | ശേഷം ബാക്കി തുക നൽകുകയും ചെയ്യുന്നതിനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.<br>ദുരന്ത ബാധിത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർ സംരംഭം വീണ്ടെടുക്കുന്നതിനായി പുതുതായി ബാങ്കുകൾ വഴി നേടുന്ന വായ്പകളിൽ 6% മുതൽ 8% വരെ പലിശയിളവ് 3 വർഷത്തേയ്ക്ക് ലഭിക്കുന്ന രീതിയിൽ സർക്കാർ സബ്സിഡി ലഭ്യമാക്കുന്നതിന് പദ്ധതി, വ്യവസ്ഥ ചെയ്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ